**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3916** — **21/06/2018-ൽ മറുപടിയ്ക്ക്**

# സഹകരണ ആർബിട്രേഷൻ കോടതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ഡി.കെ. മുരളി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരളത്തിൽ സഹകരണ ആർബിട്രേഷൻ കോടതികൾ എത്ര യെണ്ണമുണ്ടെന്നും എവിടെയൊക്കെ യെന്നും വിശദീകരിക്കാമോ; | (എ) | കേരളത്തിൽ 2 സഹകരണ ആർബിട്രേഷൻ കോടതികളാണ് നിലവിലുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം ജില്ലകൾ ഉൾപ്പെടുന്ന ആർബിട്രേഷൻ കോടതി (സതേൺ) തിരുവനന്തപുരത്തും, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ ഉൾപ്പെടുന്ന ആർബിട്രേഷൻ കോടതി (നോർത്തേൺ) കോഴിക്കോട്ടുമാണ് സ്ഥിതി ചെയ്യുന്നത്. |
| (ബി) | പ്രസ്തുത കോടതികളിൽ ദീർഘ കാലമായി കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം സംബന്ധിച്ച വിശദമായ പട്ടിക ലഭ്യമാക്കാമോ; | (ബി) | തിരുവനന്തപുരം ആർബിട്രേഷൻ കോടതിയിൽ 294 കേസുകൾ തീർപ്പാക്കാനുണ്ട്. കോഴിക്കോട് ആർബിട്രേഷൻ കോടതിയിൽ ദീർഘകാലമായി കെട്ടിക്കിടക്കുന്ന കേസുകൾ ഇല്ല. 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള 10 കേസുകൾ തീർപ്പാക്കാനുണ്ട്. |
| (സി) | ഇങ്ങനെ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | നിയമപ്രകാരമുള്ള നടപടി ക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയും എല്ലാ മാസവും കൂടുതൽ സിറ്റിംഗുകൾ നടത്തിയും കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**